/789628/2024

ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം.33
നം. DT/1724/2024-B2 തീയതി :27-04-2024

## സർക്കുലർ

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- അക്കൗണ്ട്സ്- പദ്ധതിയിതരം-2024-25 സാമ്പത്തിക വർഷത്തെ ബില്ലുകൾ മാറുമ്പോൾ ശ്രദ്ധിക്കേണ്ടതും ചെലവ് പട്ടിക Mirror ൽ രേഖപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ടതുമായ —നിർദ്ദേശങ്ങൾ-പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

**************

**2023-24 സാമ്പത്തിക വർഷത്തിൽ ചില സ്ഥാപനങ്ങൾ സാലറി, wages സാലറി എന്നീ ബില്ലുകൾ തങ്ങളുടെതല്ലാത്ത ശീർഷകങ്ങളിൽ (ഡയറക്ടേറ്റ് ശീർഷകത്തിലും, വനിത ഐ ടി ഐ യുടെ ശീർഷകത്തിലും) മാറിയതായി കാണപ്പെട്ടു. ടി വിഷയം സർക്കാർ തലത്തിൽ വളരെ ഗൗരവമായി എടുത്തിട്ടുള്ളതിനാൽ ഇപ്രകാരം തങ്ങൾക്ക് അനുവദിക്കാത്ത ശീർഷകങ്ങളിൽ ബില്ലുകൾ മാറുന്ന ഡി ഡി ഒ മാർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കേണ്ടതായി വരുമെന്നതിനാൽ ക്ലെറിക്കൽ ലെവലിൽ ലഭ്യമാക്കുന്ന ബില്ലുകൾ ഡി ഡി ഒ കൃത്യതയോടെ പരിശോദിച്ചതിനു ശേഷം ഇ സബ്മിറ്റ് ചെയ്യേണ്ടതാണ്.**

2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതിയിതരം (Non-plan) ശീർഷകങ്ങളിൽ ഓരോ സ്ഥാപനങ്ങളും 31/3/2024 വരെ ചെലവാക്കിയ തുകയുടെ വിവരങ്ങൾ Mirror ൽ രേഖപ്പെടുത്തലുകൾ വരുത്തിയപ്പോൾ ഓണം അഡ്വാൻസ്, ഡയസ്നോൺ എന്നിവ രേഖപ്പെടുത്തിയതിൽ അപാകത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയത് എ ജി റിക്കൻസിലേഷനുമായി താരതമ്യം ചെയ്തു തെറ്റ് മനസ്സിലാക്കേണ്ടതും 2024-25 സാമ്പത്തിക വർഷത്തിൽ ശരിയായ രീതിയിൽ Mirror ൽ ചെയ്യേണ്ടതുമാണ്.

ഐ ടി ഐ കളുടെ ശീർഷകങ്ങളിലല്ലാതെ ലഭിക്കുന്ന അലോട്മെന്റുകൾ ബിൽ മാറിയതിന് ശേഷം ചെലവാക്കിയ തുക ഹെഡ് മാറി ഐ ടി ഐ കളുടെ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്നുണ്ട്. ബിൽ തുക മാറിയ ഹെഡ് Mirror ൽ ഡ്രോപ്പ് ബോക്സിൽ നിന്നും ശരിയായത് സെലക്ട് ചെയ്യെണ്ടതാണ്. ഹെഡ് ഡ്രോപ്പ് ബോക്സിൽ ലഭ്യമല്ല എങ്കിൽ ഡയറക്ടേറ്റിൽ അക്കൌണ്ട്സ് സെക്ഷനിൽ നേരിട്ട് വിളിക്കാവുന്നതും അല്ലെങ്കിൽ itdallotment@gmail.com എന്ന മെയിൽ ഐ ഡി യിൽ മെയിൽ നൽകാവുന്നതുമാണ്.

/789628/2024

ഒരു ശീർഷകങ്ങളിലും അഡ്വാൻസ് ആയി അല്ലോട്ട്മെന്റ് വാങ്ങി ഇടാൻ പാടുള്ളതല്ല, പേമെന്റ് ഉത്തരവ്, അല്ലോട്ട്മെന്റ് പ്രോഫോർമ എന്നിവ നൽകിയാൽ മാത്രമേ അല്ലോട്ട്മെന്റ് അനുവദിക്കുകയുള്ളു. എന്നാൽ അത്യാവശ്യ സാഹചര്യങ്ങളിൽ തൃപ്തികരമായി വിതരണം നടത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയതിന് ശേഷം അല്ലോട്ട്മെന്റ് പ്രോഫോർമക്കൊപ്പം ബിൽ കൂടി ലഭ്യമാക്കി അല്ലോട്ട്മെന്റ് ആവശ്യപ്പെടാവുന്നതാണ്.

അടിയന്തിര സാഹചര്യങ്ങളിൽ അലോട്മെന്റ് സറണ്ടർ ചെയ്യാൻ ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം ലഭിച്ചാൽ ഡി ഡി ഒ മാർ ആയത് പാലിക്കേണ്ടതാണ്.

**സ്റ്റൈപ്പെൻഡ്, ടി എ, MRI** എന്നിവയ്ക്ക് ലഭിക്കുന്ന അലോട്മെന്റ് ൽ ബിൽ മാറിയതിന് ശേഷം **ബാക്കി നിൽക്കുന്ന തുകകൾ ഉടൻ തന്നെ സറണ്ടർ ചെയ്യേണ്ടതാണ്.** ഓരോ മാസവും ലഭിക്കുന്ന സർക്കാർ അലോട്ട്മെന്റ് പൂർണമായും വിനിയോഗിച്ചാൽ മാത്രമേ അടുത്ത ഘട്ടം അലോട്ട്മെന്റ് സർക്കാർ അനുവദിക്കുകയുള്ളു എന്നതിനാൽ മേൽ നിർദ്ദേശം എല്ലാ ഡി ഡി ഒ മാരും ബിൽ ക്ലാർക്കുമാരും കർശനമായി പാലിക്കേണ്ടതാണ്.

എക്സ്പെന്റീച്ചർ Mirror ൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ BIMSലെ എക്സ്പെന്റീച്ചറും സ്ഥാപനങ്ങളിലെ എക്സ്പെന്റീച്ചറും തമ്മിൽ യാതൊരുവിധ വ്യത്യാസങ്ങളും ഇല്ലായെന്ന് പ്രത്യേകം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. **എല്ലാ മാസവും 5 ആം തീയതിക്കകം മിററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. തുടർന്ന് മിറർ ലോക്ക് ചെയ്യുന്നതാണ്.**

**എ ജി റിക്കൺസിലേഷ ൻ മാസാമാസം സൈറ്റിൽ ലഭ്യമാകുന്ന മുറക്ക് ചെയ്യേണ്ടതും ആയത് പ്രകാരം മിററിൽ തിരുത്തലുകൾ ഉണ്ടെങ്കിൽ കാര്യകാരണം സഹിതം മിറർ അൺലോക്ക് ചെയ്യുന്നതിന് മെയിൽ നൽകേണ്ടതുമാണ്.**

സീനിയര് ഫിനാൻസ് ഓഫീസർ
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:-
സ്പെഷ്യല് ഓഫിസർ, SUIIT
ജോയിന്റ് ഡയറക്ടര്, ആർ ഡി ടി കണ്ണൂർ
എല്ലാ ഐ ടി ഐ കളിലേക്കും, ആർ ഐ സെന്ററുകളിലെക്കും
പ്രിൻസിപ്പാൾ എ വി ടി എസ് കളമശ്ശേരി

പകർപ്പ്:- അക്കൗണ്ട്സ് - B1- DT